# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ദേവസ്വം ബോർഡ് ഓഫീസ്,

ആർ.ഒ.സി 3992/11/ഇ.ഡി.പി തിരുവനന്തപുരം, 10/11/2017

## സർക്കുലർ

വിഷയം - കൊല്ലവർഷം 1193 ലെ ശബരിമല ദേവസ്വം മണ്ഡലം-മകരവിളക്ക് തിരുവുത്സവം - ദേവസ്വം ബോർഡ് ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡ് വിതരണം സംബന്ധിച്ച്

കൊല്ലവർഷം 1193 ലെ ശബരിമല മണ്ഡലം-മകരവിളക്ക് തിരുവുത്സവം സംബന്ധിച്ച് സ്പെഷ്യൽ ഡ്യൂട്ടിക്കെത്തുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്ന സംഗതി സംബന്ധിച്ച് ചുവടെ വിവരിക്കുന്ന തീരുമാനങ്ങൾ എല്ലാ ജീവനക്കാരെയും അറിയിക്കുന്നു.

1. ശബരിമല ദേവസ്വത്തിലെ കൊല്ലവർഷം 1193 ലെ മണ്ഡലം-മകരവിളക്ക് തിരുവുത്സവം സംബന്ധിച്ച് ശബരിമല, പമ്പ, നിലക്കൽ എന്നിവിടങ്ങളിൽ സ്പെഷ്യൽ ഡ്യൂട്ടിക്കെത്തുന്ന ദേവസ്വം ബോർഡ് ജീവനക്കാർക്ക് തിരിവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറി ഒപ്പിട്ടു നൽകുന്ന സ്ഥിരം തിരിച്ചറിയൽ കാർഡ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

2. തിരിച്ചറിയൽ കാർഡ് ഇതുവരെ ലഭിച്ചിട്ടില്ലാത്ത ജീവിക്കാർക്ക് പുതുതായി ലഭ്യമാക്കുന്നതിനും, പ്രൊമോഷൻ ലഭിച്ച ജീവനക്കാരുടെ ലാവണം മാറ്റുന്നതിനും, നഷ്ടപ്പെട്ടവർക്ക് ഡ്യൂപ്ലിക്കേറ്റ് കാർഡ് എടുക്കുന്നതിനും ഉള്ള സൗകര്യം 14/11/2017 മുതൽ 18/11/2017 വരെയും, ഡ്യൂട്ടി ടേൺ മാറുന്ന അവസരങ്ങളിലും പമ്പയിൽ ഏർപ്പെടുത്തുന്നതിന് ബോർഡിലെ ഇ.ഡി.പി വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

3. ഇതുവരെ തിരിച്ചറിയൽ കാർഡു ലഭിച്ചിട്ടില്ലാത്ത ജീവനക്കാർ ഔദ്യോഗിക വെബ് സൈറ്റ് ആയ www.travancoredevaswomboard.org ൽ "Downloads" എന്ന ലിങ്കിൽ നിന്നും തിരിച്ചറിയൽ കാർഡിനുള്ള ഫോറം പ്രിന്റെടുത്ത് പൂരിപ്പിച്ച് ബന്ധപ്പെട്ട വകുപ്പു മേധാവികളുടെ ഒപ്പോടുകൂടി നേരിട്ട് പമ്പയിൽ എത്തി ഫോട്ടോ എടുത്ത് കാർഡു കരസ്ഥമാക്കി മാത്രം ശബരിമലയിലേക്ക് പോകേണ്ടതാണ്. (ഫോട്ടോ കൊണ്ടുവരേണ്ടതില്ല).

4. കാർഡു മുമ്പു ലഭിച്ചിട്ടുള്ളവരും പിന്നീട് പ്രൊമോഷൻ ലഭിച്ചിട്ടുള്ളവരുമായ ജീവനക്കാർ പഴയ കാർഡ് ഹാജരാക്കി പുതിയ ലാവണത്തിലുള്ള തിരിച്ചറിയൽ കാർഡ് കരസ്ഥമാക്കാവുന്നതാണ്.

5. കാർഡ് നഷ്ടപ്പെട്ടിട്ടുള്ള ജീവനക്കാർ ഡ്യൂപ്ലിക്കേറ്റു കാർഡു ലഭിക്കുന്നതിന് വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ ബന്ധപ്പെട്ട വകുപ്പു മേധാവിക്ക് നൽകി കൗണ്ടർസൈൻ ചെയ്ത് ആയതും ഫൈൻ ആയ 200/- രൂപാ ധനലക്ഷമി ബാങ്കിൽ ദേവസ്വം ദേവസ്വം കമ്മീഷണറുടെ പേരിലുള്ള 126.1.6223 നമ്പർ അക്കൗണ്ടിൽ ഒടുക്കുവരുത്തി ചെല്ലാൻ പകർപ്പു സഹിതം ഹാജരാക്കേണ്ടതാണ്.

6. ടാഗ്, പൗച്ച് എന്നിവ മാത്രം ആവശ്യമുള്ള ജീവനക്കാർ അവരവരുടെ തിരിച്ചറിയൽ കാർഡു നമ്പർ രേഖപ്പെടുത്തിയ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയും 100/- രൂപാ ധനലക്ഷ്മി ബാങ്കിൽ മേൽ പറഞ്ഞ അക്കൗണ്ടിൽ ഒടുക്കുവരുത്തിയ ചെല്ലാൻ പകർപ്പും ഹാജരാക്കേണ്ടതാണ്.

Jayasree. S

സെക്രട്ടറി

പകർപ്പ്

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനിയർ (ജനറൽ)
3. എല്ലാ വകുപ്പു മേധാവികൾക്കും